ഉത്തരം

(എ)—(സി) മുൻഗണനാക്രമമനുസരിച്ച് സംസ്ഥാനത്ത് പുതുതായി ആരംഭിക്കേണ്ട പോലീസ് സ്റ്റേഷനുകളുടെ ഒരു പട്ടികയ്ക്ക് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. പ്രസ്തുത പട്ടികയിൽ കൊല്ലം ജില്ലയിലെ 'തഴവ' എന്ന സ്ഥലവും ഉൾപ്പെടുത്തിയിട്ടുണ്ട്. പട്ടികയിൽ 42-ാം സ്ഥാനമാണ് പ്രസ്തുത സ്ഥലത്തിനുള്ളത്. മുൻഗണനാക്രമം കൃത്യമായി പാലിച്ച്കൊണ്ട് ഓരോ പോലീസ് സ്റ്റേഷൻ തുടങ്ങുന്നതിനും ആവശ്യമായ ശുപാർശകൾ പ്രത്യേകം പ്രത്യേകം സമർപ്പിക്കുവാനുമാണ് പോലീസ് ഡയറക്ടർ ജനറലിന് നൽകിയിട്ടുള്ള നിർദ്ദേശം. അപ്രകാരം ഡി.ജി.പി.യിൽ നിന്നും ശുപാർശകൾ ലഭിക്കുന്ന മുറയ്ക്ക് തഴവയിലും പോലീസ് സ്റ്റേഷൻ ആരംഭിക്കുന്ന കാര്യം പരിശോധിച്ച് തീരുമാനമെടുക്കുന്നതാണ്.

കാസർകോഡ് ജില്ലയിൽ പോലീസ് വകുപ്പിൽ എം. ജി. പി. പ്രകാരം നടത്തിയ വികസന പ്രവർത്തനങ്ങൾ

136 [1694] *ശ്രീ. ചെർക്കളം അബ്ദുള്ള:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർകോഡ് ജില്ലയിൽ പോലീസ് വകുപ്പിൽ എം.ജി.പി. പ്രകാരം എന്തൊക്കെ വികസന പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട് എന്നും അവ പൂർത്തിയായോ എന്നും വ്യക്തമാക്കാമോ;

(ബി) ഇനിയും ഏതെങ്കിലും പ്രവർത്തനങ്ങൾ ആരംഭിക്കാനുണ്ടോ എന്ന് അറിയിക്കുമോ;

(സി) ഈ വകയിൽ ജില്ലയിൽ ചെലവഴിച്ച തുകയെത്രയാണ് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) & (ബി) നവീകരണത്തിന്റെ ഭാഗമായി കാസർകോഡ് ജില്ലയിലെ ഹോസ്ദുർഗ്, കുംബള, ചന്ദേര എന്നീ പോലീസ് സ്റ്റേഷനുകൾ സർവ്വീസ് ഡെലിവറി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പോലീസും ജനങ്ങളും തമ്മിൽ ഊഷ്മളമായ ബന്ധം സ്ഥാപിക്കുന്നതിന്റെ ഭാഗമായി ഈ പോലീസ് സ്റ്റേഷനുകളിൽ 'റിസപ്ഷൻ കൗണ്ടർ' തുടങ്ങിയിട്ടുണ്ട്. പൊതുജനങ്ങൾക്ക് പോലീസ് സ്റ്റേഷനുകളിൽ നേരിട്ട് ഹാജരാകാതെ പരാതി നൽകുന്നതിനായി 'വെബ്പോർട്ടൽ' ആരംഭിച്ചിട്ടുണ്ട്. മറ്റ് വികസന പ്രവർത്തനങ്ങൾ നടത്തുന്നതിനുവേണ്ടിയുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) പോലീസ് വകുപ്പിൽ എം.ജി.പി. പ്രകാരം നടത്തിയ വികസന പ്രവർത്തനങ്ങൾക്കായി കാസർകോഡ് ജില്ലയിൽ 12,294 രൂപ ചെലവഴിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly